**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 221** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>പേവിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. മഞ്ഞളാംകുഴി അലി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എ. കെ. എം. അഷ്റഫ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതും പേവിഷബാധയേറ്റുള്ള മരണങ്ങൾ ഉണ്ടാകുന്നതുമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിച്ച് സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ്പ് നടപ്പിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നായകടിയേറ്റ് ചികിത്സ തേടുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായും പേവിഷബാധയേറ്റുള്ള മരണങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കുട്ടികൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പുകൾ (Pre-exposure prophylaxis) നല്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 2022 ൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയും കുട്ടികളിൽ പേവിഷപ്രതിരോധ കുത്തിവയ്പ്പുകൾ സാമ്പത്തിക അവലോകനത്തിന് ശേഷം ദീർഘകാല പ്രവർത്തനമായി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ വെറ്ററിനറി ജീവനക്കാർ, മൃഗങ്ങളെ പിടികൂടുന്ന ജീവനക്കാർ, മൃഗങ്ങളുടെ പരിശീലകർ, വെറ്ററിനറിലാബ് ജീവനക്കാർ തുടങ്ങിയ High Risk വിഭാഗങ്ങൾക്ക് പേവിഷ പ്രതിരോധ വാക്സിൻ ഉറപ്പ് വരുത്തണമെന്ന് ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

**(സി)** നായ്ക്കളുടെ കടിയേൽക്കുന്നതിൽ ഭൂരിഭാഗവും കുട്ടികളായതിനാൽ എല്ലാ കുട്ടികൾക്കും എത്രയും വേഗം പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കുട്ടികൾക്ക് പേവിഷബാധക്കെതിരെ (Preexposure prophylaxis വാക്സിൻ നൽകുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

**സെക്ഷൻ ഓഫീസർ**